**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1923** **12-09-2023 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ സാമൂഹ്യനീതി വകുപ്പിന്റെ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ പൂഞ്ഞാർ മണ്ഡലത്തിൽ സാമൂഹ്യനീതി വകുപ്പ് വഴി നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ; | (എ) | കേരള സംസ്ഥാന സാമൂഹ്യനീതി വകുപ്പ്, ഭിന്നശേഷിക്കാർ, വയോജനങ്ങൾ, ട്രാൻസ് ജെൻഡർ വ്യക്തികൾ, പ്രൊബേഷൻ ആന്റ് ആഫ്റ്റർ കെയർ മേഖല, മറ്റു ദുർബല ജനവിഭാഗങ്ങൾ എന്നിവയുടെ ഉന്നമനത്തിനായി പ്രവർത്തിയ്ക്കുന്ന നോഡൽ വകുപ്പാണ്. ഈ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനായി നിരവധി ക്ഷേമ പദ്ധതികളും, പ്രവർത്തനങ്ങളും സാമൂഹ്യനീതി ഡയറക്ടറേറ്റ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. പൂഞ്ഞാർ മണ്ഡലത്തിൽ മാത്രമായല്ല മറിച്ച് സംസ്ഥാന വ്യാപകമായാണ് സാമൂഹ്യനീതി വകുപ്പ് പദ്ധതികൾ നടപ്പിലാക്കി വരുന്നത്. പൂഞ്ഞാർ നിയോജക മണ്ഡലത്തിലെ മേൽപ്പറഞ്ഞ വിഭാഗത്തിൽ ഉൾപ്പെടുന്ന അർഹരായ വ്യക്തികൾക്ക് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതി പ്രവർത്തനങ്ങളുടെ ആനുകൂല്യങ്ങൾ അനുവദിച്ച് നൽകി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക, പദ്ധതികളുടെ നിലവിലെ സ്ഥിതി എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ ക്ഷേമ പദ്ധതികൾക്കായി സാമൂഹ്യനീതി ഡയറക്ടറേറ്റ് പൂഞ്ഞാർ നിയോജക മണ്ഡലം ഉൾപ്പെടുന്ന കോട്ടയം ജില്ലയ്ക്ക് അനുവദിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| പദ്ധതിയുടെ പേര് | 2021-22 | 2022-23 | 2023-24 (നാളിതുവരെ |
|---|---|---|---|
| | അനുവദിച്ച തുക | അനുവദിച്ച തുക | അനുവദിച്ച തുക |
| വിദ്യാകിരണം | 10,50,000/- | 16,00,000/- | 10,00,000/- |
| വിദ്യാജ്യോതി | 1,33,430/- | 1,78,000/- | 1,00,000/- |
| പരിണയം | 10,50,000/- | 14,40,000/- | 3,00,000/- |
| സ്വാശ്രയ | 1,75,000/- | 3,43,000/- | 1,05,000/- |
| പരിരക്ഷ | 1,00,000/- | - | 1,60,000/- |
| ഇംപ്രസ്റ്റ് മണി | 10,000/- | - | 25,000/- |
| വിജയാമൃതം | 43,335/- | 80,000/- | - |
| മാതൃജ്യോതി | 31,677/- | 2,16,000/- | 1,20,000/- |
| ട്രാൻസ് ജെൻഡർ വിദ്യാർത്ഥികൾക്കുള്ള ഹോസ്റ്റൽ ഫീസ് | - | 1,20,000/- | - |
| ട്രാൻസ് ജെൻഡർ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് | | 60,000/- | |
| ഡിസ്റ്റൻസ് എഡ്യൂക്കേഷൻ | 25,000/- | 10,000/- | - |

| | | |
|---|---|---|
| ശ്രേഷ്ഠം | | 80,000/- |
| വയോപോഷണം | 2,41,016/- | 2,56,704/- |
| വയോമധുരം | 2,10,949/- | 19,784/- |
| വയോ അമൃതം | 4,41,464/- | 6,28,158/- |
| വയോരക്ഷ | 1,50,000/- | 1,50,000/- |

ഈ സാമ്പത്തിക വർഷം കേരള സാമൂഹ്യ സുരക്ഷാമിഷൻ പദ്ധതികൾക്ക് വേണ്ടി അനുവദിച്ച ബജറ്റ് വിഹിതത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു

1. ആശ്വാസകിരണം - 54 കോടി രൂപ

2. സ്നേഹസ്പർശം - 2 കോടി രൂപ

3. വയോമിത്രം - 27.50 കോടി രൂപ

4. സ്നേഹപൂർവ്വം - 17 കോടി രൂപ

5. സമാശ്വാസം - 6 കോടി രൂപ

6. മിഠായി- 3.80 കോടി രൂപ

കേരള സാമൂഹ്യ സുരക്ഷാ മിഷൻ - സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് മുഖേന പൂഞ്ഞാർ മണ്ഡലം ഉൾപ്പെടുന്ന കോട്ടയം ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

## അനുബന്ധം

കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പാക്കുന്ന പദ്ധതികൾ സംസ്ഥാനതലത്തിൽ ആണ് നടപ്പാക്കുന്നത് ബഡ്ജറ്റ് വിഹിതവും സംസ്ഥാന തലത്തിലാണ് ലഭ്യമാക്കുന്നത്. നടപ്പാക്കുന്ന പദ്ധതികളുടെ കോട്ടയം ജില്ലയിലെ ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

1. **ആശ്വാസകിരണം പദ്ധതി** :ഒരു മുഴുവൻ സമയ പരിചാരകന്റെ സേവനം ആവശ്യമാവിധം കിടപ്പിലായ രോഗികളെയും മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവരെയും ഗുരുതര രോഗങ്ങളുള്ളവരെയും പരിചരിക്കുന്നവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് ആശ്വാസകിരണം പദ്ധതി. കോട്ടയം ജില്ലയിൽ ഈ സാമ്പത്തിക വർഷം 621 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം വിതരണം ചെയ്തു.

2. **സ്നേഹസ്പർശം പദ്ധതി** : ചൂഷണത്തിന് വിധേയരായി അവിവാഹിത അവസ്ഥയിൽ അമ്മമാരാകുന്നവർ കുടുംബങ്ങളിൽ നിന്നും സമൂഹത്തിൽ നിന്നും ഒറ്റപ്പെട്ട് ജീവിക്കേണ്ടി വരുന്നു. ഇത്തരക്കാർക്ക് ദൈനംദിന ജീവിതത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകി ഇവരെ പുനരധിവസിപ്പിക്കുക എന്ന ഉദ്ദേശത്തോടെ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് സ്നേഹസ്പർശം. കോട്ടയം ജില്ലയിൽ ഈ സാമ്പത്തിക വർഷം 74 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം വിതരണം ചെയ്തു.

3. **വയോമിത്രം പദ്ധതി** : നഗരസഭകളുമായി ചേർന്നു കൊണ്ട് 65 വയസ്സിന് മുകളിൽ പ്രായമുള്ള മുതിർന്ന പൗരർക്ക് മൊബൈൽ ക്ലിനിക്കിലൂടെ സൗജന്യ ചികിത്സ, സൗജന്യ മരുന്ന്, കൗൺസിലിംഗ് എന്നിവ നൽകി ആരോഗ്യ സുരക്ഷ ഉറപ്പ് വരുത്തുന്ന പദ്ധതിയാണ് വയോമിത്രം പദ്ധതി. കോട്ടയം ജില്ലയിൽ പദ്ധതിയിൽ രജിസ്റ്റർ ചെയ്ത 21454 പേർക്ക് ആനുകൂല്യം ലഭിച്ചു വരുന്നു.

4. **സ്നേഹപൂർവം പദ്ധതി** : മാതാപിതാക്കളിൽ ആരെങ്കിലുമോ അല്ലെങ്കിൽ ഇരുവരുമോ മരണപ്പെട്ട് സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതിയാണിത്.

5. **സമാശ്വാസം പദ്ധതി** : വൃക്ക തകരാർ സംഭവിച്ച് സ്ഥിരമായി ഡയാലിസിസിൽ ഏർപ്പെടുന്നവർ, വൃക്ക, കരൾ മാറ്റിവയ്ക്കൽ സർജറിയ്ക്ക് വിധേയരായവർ, ഹീമോഫീലിയ രോഗികൾ, സിക്കിൾ സെൽ അനീമിയ രോഗികൾ എന്നിവർക്ക് പ്രതിമാസ ധനസഹായം അനുവദിക്കുന്ന പദ്ധതിയാണ് സമാശ്വാസം പദ്ധതി. സമാശ്വാസം 1 പ്രകാരം ഡയാലിസിസിന് വിധേയരാകുന്ന ബി.പി.എൽ വിഭാഗത്തിൽപെടുന്ന രോഗികൾക്ക് പ്രതിമാസം 1100/- രൂപയും സമാശ്വാസം 2 പ്രകാരം വൃക്ക, കരൾ മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരായ കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപ വരെയുള്ളവർക്ക് പ്രതിമാസം 1000/- രൂപയും സമാശ്വാസം 3 പ്രകാരം ഹീമോഫീലിയ രോഗികൾക്ക് വരുമാന പരിധിയില്ലാതെ 1000/- രൂപയും സമാശ്വാസം 4 പ്രകാരം നോൺട്രൈബൽ വിഭാഗത്തിൽപ്പെട്ട അരിവാൾ രോഗം ബാധിച്ച രോഗികൾക്ക് പ്രതിമാസം 2000/- രൂപയും നൽകി വരുന്നു. കോട്ടയം ജില്ലയിലെ ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു

1) സമാശ്വാസം 1 – 52
2) സമാശ്വാസം 2 – 4
3) സമാശ്വാസം 3 – 35
4) സമാശ്വാസം 4 –0

6) **ജുവനൈൽ ഡയബറ്റീസ് ബാധിച്ച കുട്ടികൾക്കുള്ള സാമൂഹ്യ സഹായ പദ്ധതി** (മിഠായി)

Type 1 Diabetic ബാധിച്ച കുട്ടികൾക്കും കൗമാരക്കാർക്കും സമഗ്ര പരിരക്ഷ നൽകുന്നതിന് കേരള സാമൂഹ്യ, സുരക്ഷാ മിഷൻ ആവിഷ്കരിച്ച സമഗ്ര പദ്ധതിയാണ് മിഠായി. കോട്ടയം ജില്ലയിൽ ഈ സാമ്പത്തിക വർഷം 95 ഗുണഭോക്താക്കൾക്ക് പദ്ധതിയുടെ ആനുകൂല്യം വിതരണം ചെയ്തു.

കേരള സാമൂഹ്യ സുരക്ഷാമിഷൻ – **സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ്** മുഖേന കോട്ടയം ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ

**A) പ്രാരംഭ ഇടപെടൽ കേന്ദ്രങ്ങൾ**

**1. റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്റർ**

വൈകല്യങ്ങൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ ഉൾപ്പെടെയുള്ള അനുയോജ്യമായ ഇടപെടൽ നടത്തുന്നതിനുമായി കോട്ടയം മെഡിക്കൽ കോളേജിൽ റീജിയണൽ ഏർളി ഇന്റർവെൻഷൻ സെന്ററുകൾ സ്ഥാപിച്ച് പ്രവർത്തിച്ച് വരുന്നു. അംഗപരിമിത സ്ക്രീനിംഗ്, ഏർളി ഇൻറർവെൻഷൻ, തെറാപ്പി, പരിശീലനങ്ങൾ തുടങ്ങിയവ ഈ സെന്ററുകളിലൂടെ ലഭ്യമാക്കുന്നു. മെഡിക്കൽ കോളേജിലെ ശിശു ചികിത്സാ വിഭാഗത്തിലെ ഒരു ഡോക്ടറാണ് ഈ കേന്ദ്രത്തിന്റെ നോഡൽ ഓഫീസർ. ഓരോ കേന്ദ്രത്തിലും ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപ്പിസ്റ്റ്, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, സ്റ്റാഫ് നഴ്സ്, ഡെവലപ്മെന്റ് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്യുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ എന്നീ വിദഗ്ധരുടെ സേവനം കരാറടിസ്ഥാനത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇവരുടെ വേതനവും, സെന്റർ നടത്തുന്നതിനാവശ്യമായ സൗകര്യങ്ങളും സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസാണ് നൽകുന്നത്.

**2. മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ**

ഭിന്നശേഷിക്കാർക്ക് പ്രത്യേകിച്ചും കുട്ടികൾക്ക് തുടർച്ചയായ തെറാപ്പികൾ ആവശ്യമാണ്. പലരും ജില്ലാ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന ജില്ലാ പ്രാരംഭ ഇടപെടൽ

കേന്ദ്രത്തിൽ എത്തി ഈ സൗകര്യം പ്രയോജനപ്പെടുത്താൻ പ്രയാസപ്പെടുന്നുണ്ട്. ഗ്രാമപ്രദേശങ്ങളിൽ ഉള്ളവരെയാണ് ഈ പ്രശ്നം കൂടുതലായി ബാധിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി, വൈക്കം കേന്ദ്രമാക്കി 12 ബ്ലോക്കുകളിൽ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകൾ പ്രവർത്തിച്ചു വരുന്നു. ഡെവലപ്മെന്റൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്, ഓഡിയോളജിസ്റ്റ് കം സ്പീച്ച് തെറാപിസ്റ്റ് എന്നിവരുടെ സേവനം ഈ മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റുകളിലൂടെ ലഭ്യമാക്കുന്നു.

3. **ആങ്കയിലോസിംഗ് സ്പോൺഡിലൈറ്റിസ് മൂലമുള്ള വൈകല്യം തടയുന്നതിനായുള്ള പ്രത്യേക പദ്ധതി**

ആങ്കലോസിംഗ് സ്പോണ്ടിലൈറ്റിസ് മൂലമുണ്ടാകാൻ സാധ്യതയുള്ള വൈകല്യം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ആങ്കയിലോസിംഗ് സ്പോണ്ടിലൈറ്റിസ് രോഗികൾക്കായി സ്റ്റേറ്റ് രജിസ്ട്രി ആരംഭിക്കുകയും തിരുവനന്തപുരം, തൃശ്ശൂർ സർക്കാർ മെഡിക്കൽ കോളേജുകളെ നോഡൽ സെന്ററായി അനുവദിച്ച് രോഗികൾക്ക് മരുന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ കോട്ടയം ജില്ലയിലെ ആങ്കയിലോസിംഗ് സ്പോൺഡിലൈറ്റിസ് രോഗികളും ഉൾപ്പെടുന്നു.

**B) കാതോരം**

കുട്ടികളിലെ കേൾവി വൈകല്യം എത്രയും നേരത്തെ കണ്ടെത്തി ആവശ്യമായ ഇടപെടലുകളിലൂടെ പരിഹരിക്കുന്നതിനായി കാതോരം എന്ന ഒരു സമഗ്ര പദ്ധതി അനുയാത്രയുടെ ഭാഗമായി ആവിഷ്കരിച്ച് നടപ്പാക്കി വരുന്നു.

1. **നവജാത ശിശുക്കളുടെ കേൾവി പരിശോധന**

ഒരു കുഞ്ഞ് ജനിച്ചയുടൻ തന്നെ കേൾവി പരിശോധന നടത്തുന്നതിനുള്ള സൗകര്യം കോട്ടയം ജില്ലയിലെ 5 സർക്കാർ ഡെലിവറി പോയിൻറുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. മറ്റു ആശുപത്രികളിൽ പ്രസവിക്കുന്ന കുട്ടികൾക്കും ഈ കേന്ദ്രത്തിലെത്തി ഈ സേവനം ലഭ്യമാക്കാവുന്നതാണ്. ഇതിനായി ഓട്ടോ അകൂസ്റ്റിക് എമിഷൻ സ്ക്രീനർ എന്ന ഉപകരണവും പരിശീലനം ലഭിച്ച ഒരു ജൂനിയർ പബ്ലിക്ക് ഹെൽത്ത് നെഴ്സിന്റെ സേവനവും ഇവിടെ ലഭ്യമാക്കിയിട്ടുണ്ട്. ഇവിടെ ജനിക്കുന്ന കുഞ്ഞുങ്ങളുടെ കേൾവി പരിശോധന അമ്മയും കുഞ്ഞും

ആശുപത്രി വിടുന്നതിന് മുൻപായി നടത്തുന്നു. ഈ പ്രവർത്തനത്തിനാവശ്യമായ ഉപകരണങ്ങൾ, JPHN മാരുടെ വേതനം, പരിശീലനം തുടങ്ങിയവ സ്റ്റേറ്റ് ഇനിഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസിൽ നിന്നും നൽകുന്നു.

2. **BERA സംവിധാനം**

കേൾവി പ്രശ്നമുള്ള കുട്ടികളെ വിദഗ്ധ പരിശോധനയിലൂടെ കേൾവി വൈകല്യം സ്ഥിരീകരിക്കുന്നതിനുള്ള BERA സംവിധാനം കോട്ടയം ജില്ലയിലെ ജില്ലാ ആശുപത്രിയിൽ പ്രവർത്തിക്കുന്ന നാഷണൽ പ്രോഗ്രാം ഫോർ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഡെഫ്നെസ് കേന്ദ്രത്തിൽ ലഭ്യമാക്കിയിട്ടുണ്ട്.

**C) <u>ഓട്ടിസം സ്പെക്ട്രം ഡിസോഡർ ഉള്ള കുട്ടികളുടെ പുനരധിവാസ പദ്ധതി</u> :**

1. **ഓട്ടിസം സെന്ററുകൾ**

കോട്ടയം ഗവ.മെഡിക്കൽ കോളേജിൽ ഓട്ടിസം ബാധിതർക്കായി ഓട്ടിസം സെന്ററുകൾ സ്റ്റേറ്റ് ഇൻഷ്യേറ്റീവ് ഓൺ ഡിസെബിലിറ്റീസ് സ്ഥാപിച്ചിട്ടുണ്ട്. ഈ സെന്ററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്യുന്നു. പീഡിയാട്രീഷൻ, ഓഡിയോളജിസ്റ്റ് സ്പീച്ച് തെറാപിസ്റ്റ്, ഡവലപ്മെന്റ് തെറാപിസ്റ്റ്, ഫിസിയോ തെറാപിസ്റ്റ്, ഒക്കുപേഷണൽ തെറാപിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ, സോഷ്യൽ വർക്കർ തുടങ്ങിയവരുടെ സേവനം ഈ സെന്ററുകളിലൂടെ ലഭ്യമാണ്.

**D) <u>രക്ത സംബന്ധമായതും നാഡീവ്യൂഹ സംബന്ധമായതുമായ വൈകല്യങ്ങളുടെ പ്രതിരോധം, പ്രാരംഭ നിർണ്ണയം, രോഗ നിവാരണം തുടങ്ങിയവ</u>**

1. **മൾട്ടിപ്പിൾ സ്ക്ലീറോസിസ് മൂലമുള്ള വൈകല്യം തടയുന്നതിനായുള്ള പ്രത്യേക പദ്ധതി**

മൾട്ടിപ്പിൾ സ്ക്ലീറോസിസ് മൂലമുണ്ടാകാൻ സാധ്യതയുള്ള വൈകല്യം പ്രതിരോധിക്കുന്നതിന്റെ ഭാഗമായി സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന രോഗികൾക്ക് മരുന്നും ചികിത്സയും സൗജന്യമായി നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. മൾട്ടിപ്പിൾ സ്ക്ലീറോസിസ് രോഗികൾക്കായി സ്റ്റേറ്റ് രജിസ്ട്രി ആരംഭിക്കുകയും തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ആശുപത്രിയും, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജും നോഡൽ സെന്ററായി കണ്ടെത്തി മരുന്ന് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതിയിൽ കോട്ടയം ജില്ലയിലെ മൾട്ടിപ്പിൾ സ്ക്ലീറോസിസ് രോഗികളും ഉൾപ്പെടുന്നു.

## E) <u>ഭിന്നശേഷിക്കാർക്കായുള്ള തിരിച്ചറിയൽ കാർഡ്</u>

സംസ്ഥാനത്തെ അർഹരായ മുഴുവൻ ഭിന്നശേഷിക്കാർക്കും സവിശേഷ തിരിച്ചറിയൽ കാർഡ് (യൂണിക് ഐഡി ഫോർ പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് - യു.ഡി.ഐ.ഡി) നൽകുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. കേന്ദ്ര ഗവൺമെന്റ് ഇതിനായി തയ്യാറാക്കിയിട്ടുള്ള പ്രത്യേക സോഫ്റ്റ് വെയറിൽ ഭിന്നശേഷിക്കാരുടെ വിവരങ്ങൾ അപ്ലോഡ് ചെയ്ത് ഓൺലൈൻ ആയാണ് സവിശേഷ തിരിച്ചറിയൽ കാർഡുകൾ നൽകുന്നത്. ഭിന്നശേഷിക്കാർക്കുള്ള മെഡിക്കൽ സർട്ടിഫിക്കറ്റുകളും ഈ സോഫ്റ്റ്‌വെയർ മുഖാന്തിരം ലഭ്യമാക്കുന്നു. ഇതിനോടകം കോട്ടയം ജില്ലയിലെ **15,132** ഭിന്നശേഷിക്കാർക്ക് യു.ഡി.ഐ.ഡി കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.